77 (601) "പുളിങ്ങോം വില്ലേജിലെ കൈവശ കൃഷിക്കാർ നേരിടുന്ന കുടിയിറക്ക് ഭീഷണി"

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര പഞ്ചായത്തിലെ പുളിങ്ങോം വില്ലേജിലെ ആറാട്ടുകടവിലെ കൈവശ കൃഷിക്കാർ കർണ്ണാടക വനംവകുപ്പു അധികൃതരിൽ നിന്നും കുടിയിറക്ക് ഭീഷണി നേരിടുന്ന പ്രശ്നത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. തളിപ്പറമ്പ് താലൂക്കിലെ പുളിങ്ങോം വില്ലേജിലെ കൈവശ കൃഷിക്കാരെ കുടിയൊഴിപ്പിക്കുന്ന നടപടിയിൽ അടിയന്തിരമായി ഇടപെട്ട് കർണ്ണാടക വനം വകുപ്പ് അനധികൃതരെ പിന്തിരിപ്പിക്കണമെന്ന് കർണ്ണാടക ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

78 (602) കൊയിലാണ്ടിയിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടം കോടതിക്ക് കൈമാറ്റം ചെയ്യാൻ നടപടികൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടിയിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടം കൊയിലാണ്ടി കോടതിക്ക് കൈമാറ്റം ചെയ്യാൻ സർക്കാർ നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റിയെങ്കിലും താലൂക്ക് ഓഫീസിന്റെ റിക്കാർഡ്റും പഴയ കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നു. പ്രസ്തുത കെട്ടിടം റവന്യു റിക്കവറി ഓഫീസ് പ്രവർത്തിക്കുന്നതിന് റവന്യു വകുപ്പിന് തന്നെ ആവശ്യമുണ്ട്. ഈ വിഷയത്തിൽ ഹൈക്കോടതിയിൽ ഒരു ഒ.പി. നിലവിലുള്ളതിനാൽ ഒ.പി.യിൽ ഹൈക്കോടതി തീരുമാനമറിഞ്ഞതിനുശേഷം മാത്രമേ, അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

79 (603) വർക്കല വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നൽകിയ സ്ഥലം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് കെട്ടിടനിർമ്മാണത്തിന് 30.04.1958-ൽ ജി.ഒ. (എം.എസ്) 356 ആയി വർക്കല വില്ലേജിൽ സർവ്വേ 2161-ൽപ്പെട്ട ഇരുപത്തിനാലര സെന്റ് സ്ഥലം വിദ്യാഭ്യാസ വകുപ്പിന് നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പ് ഉപജില്ലാഓഫീസറുടെ അധീനതയിലുള്ള ഈ സ്ഥലം ഒരു വ്യക്തിയുടെ താല്പര്യം സംരക്ഷിക്കാൻ റെയിൽവേ പുറംപോക്കാക്കി മാറ്റാൻ നടത്തുന്ന ശ്രമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന നിവേദനത്തിനുമേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) ഈ സ്ഥലം റയിൽവേയുടെ വകയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്രകാരം ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)&(ഡി) ഇപ്രകാരമൊരാവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങളൊന്നും ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ സ്ഥലം റയിൽവെയുടെ വകയാണെന്ന് വരുത്തിത്തീർക്കാൻ ശ്രമം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

80 (604) കുളത്തൂർ എസ്റ്റേറ്റിൽനിന്നും ഭൂമി അനുവദിക്കണമെന്ന ആവശ്യം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ മുതുകാട് എസ്റ്റേറ്റിൽ സർക്കാർ ഏറ്റെടുത്ത കുളത്തൂർ എസ്റ്റേറ്റിൽനിന്നും ഭൂമി അനുവദിക്കുന്നതു സംബന്ധിച്ച് കോഴിക്കോട് ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി പെരുവണ്ണാമൂഴി സെക്രട്ടറിയുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) കൊയിലാണ്ടി തഹസിൽദാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

81 (605) കൃഷിയിടങ്ങൾ പാട്ടത്തിന് നൽകുന്ന നടപടി

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങൾ പാട്ടത്തിന് നൽകുന്നത് തടഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൊതുവേയും അപ്പർ കുട്ടനാട്ടിൽ പലയിടത്തും നിലം വ്യാപകമായ തോതിൽ പാട്ടത്തിന് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷിയിടങ്ങൾ പാട്ടത്തിന് നൽകുന്നത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly